പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3271

24.02.2016-ൽ മറുപടിയ്ക്ക്.

## നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക് നിയമലംഘനത്തിന് പിഴ ഈടാക്കാൻ കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക് നിയമലംഘനത്തിൽ പിഴ ഈടാക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കാനായി, പുതുതായി കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. " 'Road Accident Prevention Strategy by Kerala Police' എന്ന പേരിൽ ഒരു കർമ്മ പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. " ഇതോടൊപ്പം 'ശുഭയാത്ര - 2015' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന ആട്ടോമാറ്റിക് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം (Fully Automatic Traffic Enforcement System) വഴി കേരളത്തിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന റോഡുകളിൽ ഘട്ടം ഘട്ടമായി ക്യാമറകൾ സ്ഥാപിച്ച് അമിത വേഗത, റോഡ് സിഗ്നൽ തെറ്റിക്കൽ, സീറ്റ് ബെൽറ്റ്, ഹെൽമറ്റ് ഇവ ധരിക്കാതെ വാഹനം ഓടിക്കുക എന്നീ ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഹാൻഡ് ഹെൽഡ് സ്പീഡ് റഡാർ ( Hand Held Speed Radar) സംവിധാനവും ഈ പദ്ധതിയുടെ ഭാഗമായി |

നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത ഉപകരണം എല്ലാ പോലീസ് സ്റ്റേഷനുകളിലും, ഹൈവേ പട്രോൾ വാഹനങ്ങളിലും നൽകുകയും അതുവഴി അമിത വേഗത നിയന്ത്രിക്കുക, അതുമൂലമുള്ള അപകടങ്ങൾ കുറയ്ക്കുക, നിയമ ലംഘകരിൽ നിന്നും പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | 02.05.2015-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(ആർ.റ്റി) നമ്പർ 1037/2015/ആഭ്യന്തരം പ്രകാരം **'Road Accident Prevention Strategy by Kerala Police'** എന്ന കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ശുഭയാത്രാ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും, എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ